بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 23.06.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ബദ്ർ യുദ്ധത്തിനായുള്ള തയ്യാറെടുപ്പുകൾ

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○ اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

കഴിഞ്ഞ ഖുത്ബയിൽ പരാമർശിച്ചിരുന്നതു പോലെ കച്ചവടസംഘത്തെ സംരക്ഷിക്കാൻ ഖുറൈശികളുടെ സൈന്യം വന്നുകൊണ്ടിരിക്കുന്നു എന്ന് തിരുനബി(സ) അയച്ച സന്ദേശവാഹക സംഘം വിവരം നൽകിയപ്പോൾ റസൂൽ(സ) സ്വഹാബത്തിന് അവസ്ഥകളെ കുറിച്ച് മുന്നറിയിപ്പ് നൽകുകയും അവരോട് അഭിപ്രായം തേടുകയും ചെയ്തു. ഹദ്റത്ത് അബൂബക്കറും, ഹദ്റത്ത് ഉമറും പിന്നെ മിഖ്ദാർ ബിൻ അംറും(റ.ഹും) പറഞ്ഞു: ബനൂഇസ്റാഈൽ ഹദ്റത്ത് മൂസാ(അ)നോട് പറഞ്ഞതുപോലെ فَاذۡهَبۡ اَنۡتَ وَرَبُّكَ فَقَاتِلَاۤ اِنَّا هٰهُنَا قٰعِدُوۡنَ നീയും നിന്റെ നാഥനും പോയി യുദ്ധം ചെയ്യുക, ഞങ്ങൾ ഇവിടെ ഇരിക്കുന്നതാണ് എന്ന് മറുപടി പറയില്ല. മറിച്ച് താങ്കൾ എന്ത് തീരുമാനിച്ചാലും ഞങ്ങൾ താങ്കളോടൊപ്പമുണ്ട്. താങ്കളുടെ കൂടെ നിന്നുകൊണ്ട് ശത്രുവിനോട് പോരാടുന്നതാണ്. സത്യവുമായി താങ്കളെ അയച്ചവനാണെ, നീ ഞങ്ങളെ ബറകുൽ ഗമാദിലേക്ക് കൊണ്ടുപോകുകയാണെങ്കിലും ഞങ്ങൾ നിങ്ങളോടൊപ്പം വരുന്നതാണ്. ഇത് കേട്ട അല്ലാഹുവിന്റെ റസൂൽ(സ) അവരെ നല്ല വാക്കുകൾ കൊണ്ട് അനുഗ്രഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

മക്കയിൽ നിന്ന് നാനൂറ്റി മുപ്പത് കിലോമീറ്റർ തെക്ക്, ഒരു വിദൂരമായ പ്രാന്തപ്രദേശമായിരുന്നു ബറകുൽഗമാദ് എന്ന് ഒരു എഴുത്തുകാരൻ എഴുതിയിട്ടുണ്ട്. അത് ബുദ്ധിമുട്ടുള്ള ദൂരയാത്രക്ക് ഉപയോഗിച്ചിരുന്ന ഒരു ഭാഷാപ്രയോഗമായിരുന്നു. നിങ്ങൾ എത്ര ദൂരത്തേക്ക് നയിച്ചാലും ഞങ്ങൾ നിങ്ങളോടൊപ്പമുണ്ടാകും എന്നാണ് ഇതിനർത്ഥം.

ഹദ്റത്ത് അബൂബക്കറും, ഹദ്റത്ത് ഉമറും പിന്നെ മിഖ്ദാർ ബിൻ അംറും(റ.ഹും) മുഹാജിറുകളിൽ പെട്ടവരായിരുന്നതിനാൽ റസൂൽ(സ) അൻസാറുകളുടെ അഭിപ്രായം തേടാൻ ആഗ്രഹിച്ചു.

ഹദ്റത്ത് സഅദ് ബിൻ മുആദ്(റ) പറഞ്ഞു: ഞങ്ങൾ താങ്കളെ വിശ്വസിക്കുകയും താങ്കളുടെ ദീനിനെ സാക്ഷ്യപ്പെടുത്തുകയും താങ്കളുടെ കൽപ്പന കേൾക്കുകയും അത് നിറവേറ്റുമെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനാൽ അവിടുന്ന് ആഗ്രഹിക്കുന്നിടത്തേക്ക് പോകാൻ ഞങ്ങൾ തയ്യാറാണ്. അതിനാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടുന്ന് ഞങ്ങളോടൊപ്പം യാത്രപുറപ്പെട്ടാലും. എതായാലും, ഹദ്റത്ത് സഅദിൽ നിന്ന് ഇത് കേട്ടതിനുശേഷം, തിരുനബി(സ) സന്തോഷവാനായിക്കൊണ്ട് പറഞ്ഞു: (സിറിയൻ കച്ചവടസംഘം അല്ലെങ്കിൽ മക്കയിലെ അവിശ്വാസികളുടെ സൈന്യം ഈ) രണ്ട് സംഘങ്ങളിലൊന്നിൽ വിജയം നല്കുമെന്ന് അല്ലാഹു എനിക്ക് വാഗ്ദാനം നല്കിയിട്ടുണ്ട്. ശത്രുക്കളുടെ ആളുകൾ കൊല്ലപ്പെടുന്ന സ്ഥലവും ഞാൻ കാണുന്നുണ്ട്. സ്വഹാബത്ത് ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ! ഖുറൈശി സൈന്യത്തെ കുറിച്ച് താങ്കൾക്ക് നേരത്തെ തന്നെ അറിവുണ്ടായിരുന്നെങ്കിൽ മദീനയിൽനിന്നു തന്നെ യുദ്ധസാധ്യതയെക്കുറിച്ച് പറയാതിരുന്നത് എന്താണ്? ഞങ്ങൾക്ക് ചില തയ്യാറെടുപ്പുകൾ നടത്തി പുറപ്പെടാമായിരുന്നു. എന്നാൽ ഈ അറിവും ഈ അഭിപ്രായങ്ങളും ഉണ്ടായിട്ടും, ഈ രണ്ട് വിഭാഗങ്ങളിൽ ഒന്നിനെ മുസ്ലിംകൾ തീർച്ചയായും വിജയിക്കുമെന്ന് തിരുനബി(സ)ന് ദൈവിക സുവാർത്ത ഉണ്ടായിട്ടും, മുസ്ലിംകൾക്ക് ഇപ്പോഴും ഏത് സംഘത്തെയാണ് നേരിടേണ്ടതെന്ന് കൃത്യമായി അറിയില്ലായിരുന്നു. ഈ രണ്ട് സംഘങ്ങളിലൊന്നുമായി ഉരസാനുള്ള സാധ്യതയാണ് അവർ കരുതിയിരുന്നത്. സ്വാഭാവികമായും ദുർബലരായ (കച്ചവട)സംഘത്തെ നേരിടാനാണ് കൂടുതൽ ഉത്സാഹിച്ചിരുന്നതും.

ഇതു സംബന്ധമായി ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ബദ്റിനോടനുബന്ധിച്ച് തിരുനബി(സ) അൻസാറുകളുടെ അഭിപ്രായം തേടിയിരുന്നു. പോരാടേണ്ടത് മക്കക്കാരോടായതിനാൽ നമ്മൾ അതിൽ എന്തെങ്കിലും അഭിപ്രായം പറയുകയാണെങ്കിൽ ഇവർ ഞങ്ങളുടെ സഹോദരങ്ങളോടും ബന്ധുക്കളോടും യുദ്ധം ചെയ്യാൻ ആവശ്യപ്പെടുകയാണെന്ന് മുഹാജിരീങ്ങൾക്ക് തോന്നുമെന്ന് അൻസാറുകൾ കരുതിയിരുന്നു. എന്നാൽ നബി(സ)ന്റെ ആവർത്തിച്ചുള്ള ചോദ്യങ്ങൾക്ക് അവസാനം അൻസാർ അവരുടെ സങ്കോചം പ്രകടിപ്പിച്ചശേഷം, ഞങ്ങൾ എന്തായാലും താങ്കളോടൊപ്പമുണ്ടാകും എന്ന് അറിയിച്ചു. അൻസാറുകളുടെ അഭിപ്രായത്തിനുശേഷം തിരുനബി(സ) അവിടെനിന്ന് പുറപ്പെട്ട് ബദറിന് സമീപം ഇറങ്ങി. കുറച്ച് സമയത്തിന് ശേഷം തിരുനബി(സ)യും ഹദ്റത്ത് അബൂബക്കർ(റ)വും പുറത്തേക്ക് പോയി ഒരു വൃദ്ധന്റെ അടുത്ത് നിന്നു. ഖുറൈശികളെക്കുറിച്ച് അന്വേഷിച്ചപ്പോൾ വൃദ്ധൻ പറഞ്ഞു: 'മുഹമ്മദും(സ) അനുചരന്മാരും ഇന്ന ദിവസമാണ് പുറപ്പെട്ടത് എന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്; ഇത് ശരിയാണെങ്കിൽ അവർ ഈ സമയത്ത് ഈ സ്ഥലത്തുണ്ടാകും. ഖുറൈശികൾ ഇന്ന ദിവസമാണ് പുറപ്പെട്ടതെന്നും അത് ശരിയാണെങ്കിൽ അവർ ഇന്ന സ്ഥലത്തായിരിക്കുമെന്നുമാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. നിങ്ങൾ ആരാ(ണ് എവിടുന്നാ)ണെന്ന് വൃദ്ധൻ ചോദിച്ചപ്പോൾ, തിരുനബി(സ) ഞങ്ങൾ വെള്ളത്തിൽ നിന്നാണ് എന്ന് യുക്തിപൂർവ്വം (യുദ്ധസാഹചര്യമായതിനാൽ) മറുപടി നൽകി. തിരുനബി(സ) ബദറിലെ അരുവിയെ പരാമർശിച്ചതാകാനും സാധ്യതയുണ്ട്; അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ.

തിരുനബി(സ) മടങ്ങിയെത്തിയശേഷം വൈകുന്നേരം ശത്രുവിനെക്കുറിച്ചുള്ള കൂടുതൽ വാർത്തകൾ കൊണ്ടുവരാൻ ഹദ്റത്ത് അലി, ഹദ്റത്ത് സുബൈർ ബിൻ അവാം, ഹദ്റത്ത് സഅദ് ബിൻ അബീ വഖാസ് എന്നിവരെ മറ്റ് ചില സ്വഹാബികളോടൊപ്പം ബദറിലെ അരുവിയുടെ ഭാഗത്തേക്ക് അയച്ചു. ഖുറൈശികളാണ് ഞങ്ങളെ വെള്ളമെടുക്കാൻ അയച്ചതെന്ന് പറഞ്ഞ രണ്ട് പേരെ അവർ പിടികൂടി കൊണ്ടുവന്നു. തിരുനബി(സ) അന്വേഷിച്ചപ്പോൾ, നിരവധി ഖുറൈശികൾ ഈ കുന്നിന് പിന്നിൽ ഉണ്ടെന്നും അവർ ദിവസം ഒമ്പത് ഒട്ടകങ്ങളെയും ചില ദിവസം പത്ത് ഒട്ടകങ്ങളെയും അറുക്കുന്നുവെന്നും പറഞ്ഞു. ഇത് അനുസരിച്ച്, തിരുനബി(സ) ആ ആളുകൾ തൊള്ളായിരത്തിനും ആയിരത്തിനും ഇടയിലാണെന്ന് കണക്കാക്കി. എന്നിട്ട് ഈ സൈന്യത്തിൽ ഉൾപ്പെട്ടിരുന്ന നിരവധി ഖുറൈശികളുടെ പേരുകൾ അവർ പറഞ്ഞു. തിരുനബി(സ) പറഞ്ഞു: മക്ക തന്റെ കരൾ പുറത്തെടുത്ത് നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുകയാണ്. നബി(സ)യുടെ അനുഗ്രഹീത നാവിൽനിന്ന് സ്വതസിദ്ധമായി പുറപ്പെട്ട വളരെ ജ്ഞാനപരവും യുക്തിപരവുമായ വാക്കുകളായിരുന്നു ഇത്. അതിനാൽ അല്ലാഹു അവർക്ക് വിജയം നൽകുമെന്ന് സഹാബികളുടെ ഹൃദയത്തിന് ബോധ്യപ്പെട്ടു.

ഈ അവസരത്തിൽ ഹദ്റത്ത് ഹബാബ് ബിൻ മുൻദർ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, അല്ലാഹുവിന്റെ കൽപ്പന പ്രകാരമാണോ താങ്കൾ ഇവിടെ തങ്ങിയത്, അതോ സ്വന്തം അഭിപ്രായമാണോ, യുദ്ധ തന്ത്രമാണോ? യുദ്ധതന്ത്രമാണെന്ന് നബി(സ) പറഞ്ഞു. അപ്പോൾ ഈ സ്ഥലം അനുയോജ്യമല്ലെന്നും ശത്രുവിന്റെ അരുവിയോട് ഏറ്റവും അടുത്തുള്ള സ്ഥലത്തു തമ്പടിക്കണമെന്നും, എല്ലാ കിണറുകളും അടക്കണമെന്നും, ഒരു ജലസംഭരണിയിൽ വെള്ളം നിറയ്ക്കണമെന്നും അങ്ങനെ നാം ശത്രുവിനോട് പോരാടുമ്പോൾ നമുക്ക് വെള്ളം ലഭിക്കുകയും ശത്രുവിന് വെള്ളം കിട്ടാതെ വരികയും ചെയ്യും. ഈ അഭിപ്രായം നബി(സ)ക്ക് ഇഷ്ടപ്പെടുകയും ശത്രുക്കളുടെ അടുത്തുള്ള കിണറിന്റെ സമീപത്ത് ക്യാമ്പ് ചെയ്തുകൊണ്ട് ബാക്കിയുള്ള കിണറുകൾ ഉപയോഗശൂന്യമാക്കുകയും ഒരു സംഭരണി ഉണ്ടാക്കി വെള്ളം നിറയ്ക്കുകയും ചെയ്തു. ഔസിന്റെ പ്രമാണിയായിരുന്ന സഅ്ദ് ബിൻ മുആദിന്റെ നിർദേശപ്രകാരം നബി(സ)ന് മൈതാനത്തിന്റെ ഒരു ഭാഗത്ത് ഒരു കൂടാരം തയ്യാറാക്കി; നബി(സ)ന്റെ യാത്രാമൃഗത്തെയും അവിടെ കെട്ടി. അദ്ദേഹം പറഞ്ഞു: താങ്കൾ ഇവിടെ നിൽക്കുക; ഞങ്ങൾ പോരാടുന്നതാണ്. അഥവാ നമ്മൾ പരാജയപ്പെടുകയാണെങ്കിൽ താങ്കൾ ഈ യാത്രാമൃഗത്തിൽ കയറി മദീനയിലേക്ക് പുറപ്പെടുക; അവിടെ എത്തുമ്പോൾ ഞങ്ങളുടെ സഹോദരങ്ങൾ താങ്കളെ സംരക്ഷിക്കുന്നതാണ്.

ഇതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ബദർ മൈതാനത്തെത്തിയപ്പോൾ സ്വഹാബികൾ കൂടിയാലോചിച്ച് നബി(സ)യെ ഉയർന്ന സ്ഥലത്ത് ഒരു കൂടാരത്തിൽ ഇരുത്തുകയും അവിടെ ഏറ്റവും വേഗതയുള്ള ഒരു ഒട്ടകത്തെ കെട്ടുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: നമ്മൾ കുറച്ചും ശത്രുക്കൾ കൂടുതലുമാണ്. ഞങ്ങളുടെ മരണത്തെ ഞങ്ങൾ കാര്യമാക്കുന്നില്ല, ഞങ്ങൾ അങ്ങയെയാണ് ശ്രദ്ധിക്കുന്നത്. ഞങ്ങൾ മരിച്ചാൽ ഇസ്‌ലാമിന് ഒരു ദോഷവും ഉണ്ടാകില്ല, എന്നാൽ ഇസ്‌ലാമിന്റെ ജീവിതം അങ്ങയുമായി ബന്ധപ്പെട്ടിരിക്കുന്നു.

അതിനാൽ അങ്ങയുടെ സുരക്ഷ ഞങ്ങൾ ശ്രദ്ധിക്കേണ്ടത് പ്രധാനമാണ്. ദൈവം ഇടവെരുത്താതിരിക്കട്ടെ ഇനിയെങ്ങാനും നമ്മൾ ഓരോരുത്തരായി രക്തസാക്ഷികളാകുകയാണെങ്കിൽ, ഈ ഒട്ടകത്തിൽ കയറി താങ്കൾ മദീനയിൽ എത്തിച്ചേരുക. നമ്മുടെ സഹോദരങ്ങൾ താങ്കളെ സംരക്ഷിക്കുന്നതാണ്. എതായിരുന്നാലും, തിരുനബി(സ) അവർ പറഞ്ഞ ഈ കാര്യം അംഗീകരിച്ചില്ല. അവിടുത്തേക്ക് അത് സാധ്യവുമല്ലായിരുന്നു. എന്നാൽ സ്വഹാബികളുടെ ഒരു വികാരമായിരുന്നു അത്.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: സ്വഹാബികളിൽ ഏറ്റവും ധീരൻ ഹദ്റത്ത് അബൂബക്കർ(റ) ആയിരുന്നുവെന്ന് ഹദ്റത്ത് അലി(റ) ഒരിക്കൽ പറയുകണ്ടായി. ബദ്ർ യുദ്ധത്തിൽ നബി(സ)ക്ക് വേറിട്ടൊരു താവളം തയ്യാറാക്കിയപ്പോൾ ഹദ്റത്ത് അബൂബക്കർ ഉടൻ തന്നെ നഗ്നമായ വാളുമായി നിലയുറപ്പിക്കുകയും ഈ ആപത്ഘട്ടത്തിൽ നബിയെ സംരക്ഷിക്കുക എന്ന ദൗത്യം നിർവഹിക്കുകയും ചെയ്തു.

രാവിലെ ഖുറൈശികൾ മുന്നേറിയപ്പോൾ നബി(സ) ഇപ്രകാരം പ്രാർത്ഥിച്ചു; അല്ലാഹുവേ നീ ചെയ്ത വിജയ വാഗ്ദാനം നിറവേറ്റുകയും ഇന്ന് തന്നെ ഇവരെ നശിപ്പിക്കുകയും ചെയ്യണമേ.

ഖുറൈശികൾ ബദർ മൈതാനത്തിൽ ഇറങ്ങിയപ്പോൾ അവരിൽ ഒരു സംഘം നബിയുടെ ജലസംഭരണിയിൽ വന്ന് വെള്ളം കുടിക്കാൻ തുടങ്ങി. അവരിൽ ഹക്കീം ബിൻ ഹിസാമും ഉണ്ടായിരുന്നു. അന്ന്, ആ കിണറ്റിൽ നിന്ന് വെള്ളം കുടിച്ചവരെല്ലാം കൊല്ലപ്പെട്ടു; പിന്നീട് മുസ്‌ലിമായി മാറിയ ഹക്കിം ബിൻ ഹിസാം ഒഴികെ. ഖുറൈശികളുടെ വരവിന് മുമ്പ് നബി(സ) സ്വഹാബികളെ അണിനിരത്തി. നബി(സ) അമ്പെയ്ത്തിനൊപ്പം നിർദേശം നൽകുകയായിരുന്നു. നബി(സ) പതാക മുസ്അബ് ബിൻ ഉമൈറിന് നൽകി. അണി പരിശോധന വേളയിൽ, നബി(സ) സവാദ് ബിൻ ഗസിയയെ അണിയിൽ നിന്നും പുറത്തായി കണ്ടപ്പോൾ വയറിൽ അമ്പ്കൊണ്ട് തട്ടി അണി നേരെയാക്കാൻ പറഞ്ഞു. സവാദ് പറഞ്ഞു: താങ്കൾ എന്നെ വേദനിപ്പിച്ചിരിക്കുന്നു എനിക്ക് പ്രതികാരം ചെയ്യണം. നബി(സ) തന്റെ വയറുഭാഗത്തുനിന്ന് വസ്ത്രം മാറ്റി പറഞ്ഞു: പ്രതികാരം ചെയ്തുകൊള്ളുക. ഹദ്റത്ത് സവാദ് നബി(സ)യെ കെട്ടിപ്പിടിച്ച് അവിടുത്തെ ശരീരത്തിൽ ചുംബിക്കാൻ തുടങ്ങി. എന്റെ ശരീരം നിങ്ങളുടെ അനുഗ്രഹീത ശരീരത്തിൽ സ്പർശിക്കുന്ന തരത്തിൽ നിങ്ങളോടൊപ്പം എന്റെ അവസാന നിമിഷങ്ങൾ ചെലവഴിക്കാൻ ഞാൻ ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. തിരുനബി(സ) അദ്ദേഹത്തിന്റെ നന്മക്കായി പ്രാർത്ഥിച്ചു. (തിരുനബി(സ)യോടുള്ള) പ്രണയത്തിന്റെ ദൃശ്യങ്ങളായിരുന്നു ഇത്. ബാക്കി കാര്യങ്ങൾ ഞാൻ പിന്നീട് വിശദീകരിക്കുന്നതാണ്. ഇൻശാ അല്ലാഹ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ജാമിഅ അഹ്മദിയ്യാ റബ്‌വയുടെ മുൻ അധ്യാപകനും മദ്റസത്തുൽ ഹിഫ്സ് റബ്‌വയുടെ പ്രിൻസിപ്പലും സൂപ്പർവൈസറുമായിരുന്ന ബഹുമാനപ്പെട്ട ഖാരി മുഹമ്മദ് ആശിഖ് സാഹിബിനേയും സൗദി അറേബ്യയിലെ ഒരു ജയിലിൽ തടവുകാരനായിരിക്കെ വഫാത്തായ സിറിയയിലെ ബഹുമാന്യ നൂറുദ്ദീൻ അൽ ഹസ്നി സാഹിബിനേയും അനുസ്മരിക്കുകയും അവരുടെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും ചെയ്തുകൊണ്ട് ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി.

---

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak U.K. – on 23.06.2023

Malayalam Translation, Typing & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**